15
2026
നവംബർ
ഞായർ
തുലാം 29

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391



തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 212 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-212 | പേജ് 4. വില 2.00 രൂപ

02 കോവളത്ത് ഏഴു ഹോട്ടലുകൾക്കെതിരെ കേസ്

03 കാലടിയിൽ സമരാഗ്നി ആളിപ്പടരുന്നു; ഹർജി തിങ്കളാഴ്ച പരിഗണിക്കും

04 ചാലയിലെ സ്വർണ കവർച്ച ; പിന്നിൽ മാസങ്ങൾ നീണ്ട ആസൂത്രണം

വിഴിഞ്ഞം തുറമുഖം

ലോജിസ്റ്റിക്സ് മേഖല വൻ കുതിപ്പിലേക്ക്

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ വികസനത്തോടെ കേരളത്തിൻറെ ലോജിസ്റ്റിക്സ്, സമുദ്ര അനുബന്ധ മേഖലകളിൽ സ്റ്റാർട്ടപ്പുകൾക്കും വാണിജ്യമേഖലയ്ക്കും അവസരങ്ങളുടെ മഹാസാഗരമാണ് തുറക്കപ്പെടുന്നതെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ ഉച്ചകോടിയിൽ 'ഫോളോ ദി കണ്ടെയ്നർ: വിഴിഞ്ഞത്തിൻറെ ലോജിസ്റ്റിക്സ് സമ്പദ് വ്യവസ്ഥയിൽ എവിടെയാണ് ധനസമ്പാദനം (വേർ ദി മണി വിൽ ബി മേഡ് ഇൻ വിഴിഞ്ഞംസ് ലോജിസ്റ്റിക്സ് ഇക്കോണമി) എന്ന വിഷയത്തിൽ സംഘടിപ്പിച്ച പാനൽ ചർച്ചയിലാണ് വ്യവസായ, തുറമുഖ, ഭരണ, അക്കാദമിക് മേഖലകളിലെ പ്രമുഖർ തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവെച്ചത്.

വർമ്മ & വർമ്മ ചാർട്ടേഡ് അക്കൗണ്ടൻറ്സ് സീനിയർ പാർട്ണർ വിവേക് കൃഷ്ണ ഗോവിന്ദ് മോഡറേറ്റ് ചെയ്ത ചർച്ചയിൽ വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജെറോമിക് ജോർജ് ഐ. എ. എസ്, അദാനി പോർട്ട് & സെസ് സി. ഇ. ഒ പ്രദീപ് ജയരാമൻ, ഹൗസ് ഓഫ് നിലമേൽ സി. ഇ. ഒ സുരേഷ് മാത്യു, കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റി (കുഫോസ്) വൈസ് ചാൻസലർ പ്രൊഫ. ഡോ. എ. ബിജു കുമാർ എന്നിവരാണ് പങ്കെടുത്തത്.



വിഴിഞ്ഞത്തിൻറെ ലോജിസ്റ്റിക്സ് സമ്പദ്വ്യവസ്ഥയിൽ എവിടെയാണ് ധനസമ്പാദനം എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജെറോമിക് ജോർജ് ഐ. എ. എസ് സംസാരിക്കുന്നു. വർമ്മ & വർമ്മ ചാർട്ടേഡ് അക്കൗണ്ടൻറ്സ് സീനിയർ പാർട്ണർ വിവേക് കൃഷ്ണ ഗോവിന്ദ്, ഹൗസ് ഓഫ് നിലമേൽ സി. ഇ. ഒ സുരേഷ് മാത്യു, കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റി (കുഫോസ്) വൈസ് ചാൻസലർ പ്രൊഫ. ഡോ. എ. ബിജു കുമാർ, അദാനി പോർട്ട് & സെസ് സി. ഇ. ഒ പ്രദീപ് ജയരാമൻ തുടങ്ങിയവർ സമീപം

കേരളത്തിലെ ആദ്യത്തെ ക്ലോവർലീഫ് ഇൻറർചേഞ്ച്, തിരുവനന്തപുരം നഗരത്തിന് ചുറ്റുമുള്ള ഔട്ടർ റിംഗ് റോഡ് എന്നിവ യാഥാർത്ഥ്യമാകുന്നതോടെ തുറമുഖത്തിന് ചുറ്റും വലിയൊരു വ്യാവസായിക വളർച്ചാ ഇടനാഴി രൂപപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര കപ്പൽ പാതയ്ക്ക് സമീപമുള്ള വിഴിഞ്ഞത്തിൻറെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പ്രയോജനപ്പെടുത്തി കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കുന്ന ബങ്കറിംഗ് ഹബ്ബായും കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രമായും വിഴിഞ്ഞത്തെ മാറ്റുമെന്നും അദ്ദേഹം വ്യക്തമാക്കി.

തുറമുഖത്തിൻറെ പ്രധാന ടെർമിനൽ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓട്ടോമേറ്റഡ് ആയതിനാൽ, സ്റ്റാർട്ടപ്പുകളും സംരംഭകരും തുറമുഖത്തിന് പുറത്തുള്ള അനുബന്ധ ആവാസവ്യവസ്ഥയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് പ്രദീപ് ജയരാമൻ അഭിപ്രായപ്പെട്ടു. എക്സിം കാർഗോ ആരംഭിച്ചതോടെ എംറ്റി കണ്ടെയ്നർ പാർക്കുകൾ, ഷിപ്പ് ചാൻഡ്ലിംഗ്, ക്രൂ ചേഞ്ച് എന്നിവയ്ക്ക് ഉടനടി ആവശ്യകത വർദ്ധിക്കുമെന്നും, അടുത്ത രണ്ട് വർഷത്തിനുള്ളിൽ വെയർഹൗസ് ഓട്ടോമേഷൻ, എ. ഐ അധിഷ്ഠിത കാർഗോ ഹാൻഡ്ലിംഗ്, ഹെവി എൻജിനീയറിങ് അസംബ്ലി യൂണിറ്റുകൾ എന്നിവയിൽ വലിയ നിക്ഷേപ സാധ്യതകൾ തുറക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മൂന്ന് മുതൽ ഏഴ് വർഷത്തിനുള്ളിൽ കയറ്റുമതി അധിഷ്ഠിത നിർമ്മാണ മേഖലകളും, ഹൗസിംഗ്, ഹോസ്പിറ്റാലിറ്റി, ധനകാര്യ സേവനങ്ങളും വികസിക്കുമെന്നും, സംരംഭകർ വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് മുൻഗണന നൽകുന്നതായി എംഡി ജെറോമിക് ജോർജ് ഐ. എ. എസ് അറിയിച്ചു. ബാലരാമപുരത്ത് നിന്ന് തുറമുഖത്തേക്ക് നേരിട്ടുള്ള ഭൂഗർഭ റെയിൽ തുരങ്കം, ദേശീയപാത 66-മായി ബന്ധിപ്പിക്കുന്ന അനുബന്ധ മേഖലകളിൽ വൻ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി.

തുറമുഖ മേഖലയ്ക്ക് ആവശ്യമായ പ്രത്യേക നൈപുണ്യമുള്ള തൊഴിലാളികളെ വാർത്തെടുക്കുന്നതിനായി സർവ്വകലാശാലകളുടെ കൂട്ടായ്മയോടെ മാരിടൈം സ്കിൽ അക്കാദമിയും സ്കിൽ പാർക്കും സ്ഥാപിക്കണമെന്ന് പ്രൊഫ. എ. ബിജു കുമാർ നിർദ്ദേശിച്ചു. സംസ്ഥാനത്തെ കേന്ദ്ര-സംസ്ഥാന സമുദ്ര ഗവേഷണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് 'ബ്ലൂ ഇക്കോണമി നോളജ് ക്ലസ്റ്റർ' രൂപീകരിക്കണമെന്നും, ഇൻകുബേഷൻ സെൻററുകളിലൂടെ ഗവേഷണങ്ങളെ വാണിജ്യ സ്റ്റാർട്ടപ്പുകളാക്കി മാറ്റണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൊടിമത്സ്യങ്ങളുമായി മുനമ്പത്ത് മൂന്നു ബോട്ടുകൾ പിടിയിൽ

വൈപ്പിൻ: കടലിൽ നിന്നും നിയമവിരുദ്ധമായി മത്സ്യക്കുഞ്ഞുങ്ങളെ പിടികൂടി മുനമ്പം ഹാർബറിൽ എത്തിയ മൂന്നു മത്സ്യബന്ധന ബോട്ടുകൾ ഫിഷറീസ് ടാസ്ക് ഫോഴ്സ് കസ്റ്റഡിയിലെടുത്തു. മുനമ്പം കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തിവരുന്ന ദയാമാതാ, മൈറ്റി ഗോഡ്, അറ്റ്ലസ് എന്നീ മൂന്നു ബോട്ടുകളാണ് പിടിയിലായത്.

ഓപ്പറേഷൻ പൈതലിൻറെ ഭാഗമായി ചെറു മത്സ്യങ്ങളെ പിടികൂടുന്നത് തടയാൻ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന ഓപ്പറേഷൻ പൈതലിനായി രൂപീകരിച്ചിട്ടുള്ള ഷാഡോ ഇൻറലിജൻസിൽ നിന്ന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് തുടർച്ചയായി നടത്തിയ പരിശോധനയിലാണ് ബോട്ടുകൾ കുടുങ്ങിയത്.

10 ടണ്ണിൽ അധികം ചെറുമത്സ്യങ്ങളാണ് ബോട്ടുകളിൽ കണ്ടെത്തിയത്. ഇവ നശിപ്പിക്കുകയും ഉപയോഗ്യമായ മത്സ്യങ്ങൾ ലേലം ചെയ്തു പണം സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്തു. കൂടാതെ ഓരോ ബോട്ടിനും 2.5 ലക്ഷം രൂപ വീതം പിഴ ചുമത്തി. വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ അസിസ്റ്റൻറ് ഡയറക്ടർ ജിബിന, കൊടുങ്ങല്ലൂർ ഫിഷറീസ് അസിസ്റ്റൻറ് സ്റ്റേഷൻ ഡയറക്ടർ ഗ്രേസി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. ഫിഷറീസ് ഉദ്യോഗസ്ഥരായ പി.പി. സിന്ധു, തസ്ലീമ, ഷിജു, വിബിൻ, സീറെസ്ക്യൂ സ്ക്വാഡിലെ സിബിൻ ജോസഫ്, ഷിയാദ് എന്നിവരും പരിശോധന സംഘത്തിൽ ഉണ്ടായിരുന്നു.

ചെറു മത്സ്യങ്ങളെ പിടികൂടുന്നതിനെതിരെ ഫിഷറീസ് അധികൃതർ കർശന നടപടികൾ സ്വീകരിച്ചു തുടങ്ങിയതോടെ പല മത്സ്യബന്ധന ബോട്ടുകളും മുനമ്പം ഹാർബറിൽ അടുക്കാതെ ഇതര ജില്ലകളിലേക്ക് പലായനം ചെയ്തു തുടങ്ങി. പൊടിമത്സ്യം പിടിക്കുന്നതിനെതിരെ എറണാകുളം ജില്ലയിൽ ഒഴികെയുള്ളയിടങ്ങളിൽ ഫിഷറീസ് വകുപ്പിൻറെ പരിശോധനകൾ കർശനമല്ല. ഇതിനാൽ പിടികൂടുന്ന പൊടിമത്സ്യങ്ങൾ ഇതര ജില്ലകളിലെ ഹാർബറുകളിൽ അടുത്ത് വിൽക്കാൻ കഴിയും.

ഇതൊക്കെയാണ് ബോട്ടുകൾ മുനമ്പത്ത് അടുക്കാതെ മറ്റു ജില്ലകളിലേക്ക് പോകുന്നതെന്നാണ് മത്സ്യമേഖലയുമായി ബന്ധപ്പെട്ടവർ പറയുന്നത്. ഇതാകട്ടെ മുനമ്പം മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലയിലും ആശങ്ക ഉയർത്തിയിട്ടുണ്ട്.

വ്യാജ ട്രാഫിക് പിഴ സന്ദേശങ്ങളിൽ ക്ലിക്ക് ചെയ്യരുത്; പോലീസ് മുന്നറിയിപ്പ്

ട്രാഫിക് നിയമലംഘനങ്ങളുടെയും സി.സി.ടി.വി പരിശോധനകളുടെയും പേരിൽ വ്യാജ എസ്.എം.എസ് അയച്ച് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വ്യാപകമാകുന്നതായി കേരള പോലീസിൻറെ മുന്നറിയിപ്പ്. മോട്ടോർ വാഹന വകുപ്പിൻറെ ഔദ്യോഗിക അറിയിപ്പ് എന്ന വ്യാജേനയാണ് ഇത്തരം സന്ദേശങ്ങൾ പൊതുജനങ്ങളുടെ ഫോണുകളിലേക്ക് എത്തുന്നത്. വാഹനങ്ങളുടെ യഥാർത്ഥ രജിസ്ട്രേഷൻ നമ്പറുകൾ ഉൾപ്പെടുത്തി, ട്രാഫിക് നിയമലംഘനം ക്യാമറയിൽ പതിഞ്ഞിട്ടുണ്ടെന്നും പിഴയടയ്ക്കാൻ നൽകിയിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണമെന്നുമാണ് സന്ദേശങ്ങളിൽ ആവശ്യപ്പെടുന്നത്. സംശയം തോന്നാത്ത വിധം ഔദ്യോഗിക രൂപത്തിലാണ് ഇത്തരം സന്ദേശങ്ങൾ തട്ടിപ്പുകാർ തയ്യാറാക്കുന്നത്. സന്ദേശത്തോടൊപ്പം നൽകിയിരിക്കുന്ന റഫറൻസ് നമ്പറും ചുരുക്കിയ വെബ് ലിങ്കും തട്ടിപ്പിൻറെ ഭാഗമാണ്. ഈ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ മോട്ടോർ വാഹന വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റിന് സമാനമായ വ്യാജ പേജിലേക്കാണ് ഉപയോക്താക്കൾ എത്തുന്നത്. തുടർന്ന് പിഴയടയ്ക്കുന്നതിനായി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് നമ്പറുകൾ, സി.വി.വി, ഒ.ടി.പി തുടങ്ങിയ രഹസ്യ വിവരങ്ങൾ നൽകാൻ ആവശ്യപ്പെടുന്നു. ഈ വിവരങ്ങൾ നൽകുന്നതോടെ അക്കൗണ്ടുകളിൽ നിന്ന് പണം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇത്തരം തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങൾ ജാഗ്രത പാലിക്കേണ്ടതാണ്. എസ്.എം.എസുകളിൽ ലഭിക്കുന്ന അപരിചിതമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്ത് ഒരിക്കലും പിഴയടയ്ക്കരുത്. വാഹനങ്ങൾക്ക് യഥാർത്ഥത്തിൽ പിഴയുണ്ടോ എന്ന് ഔദ്യോഗിക പരിവാഹൻ അല്ലെങ്കിൽ ഇ-ചെലാൻ വെബ്സൈറ്റുകൾ വഴി നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ബാങ്ക് വിവരങ്ങളോ ഒ.ടി.പിയോ കാർഡ് വിശദാംശങ്ങളോ ഒരു കാരണവശാലും മറ്റാരുമായും പങ്കുവെക്കരുത്. വ്യാജമെന്ന് സംശയിക്കുന്ന സന്ദേശങ്ങളിലെ ലിങ്കുകൾ തുറക്കുകയോ മറ്റുള്ളവരിലേക്ക് കൈമാറുകയോ ചെയ്യരുത്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയായാൽ സമയം പാഴാക്കാതെ ഉടൻ തന്നെ 1930 എന്ന സൈബർ ഹെൽപ്പ് ലൈൻ നമ്പറിലോ https://cybercrime.gov.in എന്ന ഔദ്യോഗിക സൈബർ ക്രൈം പോർട്ടൽ വഴിയോ പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ്.



ഫുജൈറയിലെ വാഹനാപകടം: ട്രക്ക് ഡ്രൈവർ തടങ്കലിൽ

ഫുജൈറ: ഇന്ത്യക്കാർ ഉൾപ്പെടെ 14 പേർ മരിക്കാനും മുപ്പതോളം പേർക്ക് പരിക്കേൽക്കാനും കാരണമായ ഫുജൈറയിലെ വാഹനാപകടത്തിൽ നിയമനടപടികൾ ശക്തമാക്കി യുഎഇ അധികൃതർ. സംഭവത്തിൽ ട്രക്ക് ഡ്രൈവറെ തടങ്കലിൽ വയ്ക്കാൻ യുഎഇ പബ്ലിക് പ്രൊസിക്യൂഷൻ ഉത്തരവിട്ടു. വ്യാഴാഴ്ച പുലർച്ചെ ഫുജൈറയിലെ ഷെയ്ഖ് ഖലീഫ റോഡിലായിരുന്നു അപകടമുണ്ടായത്.

സംഭവത്തിൽ ട്രക്ക് ഡ്രൈവറെ കസ്റ്റഡിയിലെടുത്തു. പാസ് പോർട്ടും ഡ്രൈവിംഗ് ലൈസൻസും പിടിച്ചെടുത്തു. രക്തസാമ്പിളുകൾ ലബോറട്ടറി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. മരിച്ചവരെ തിരിച്ചറിയാൻ ഡിഎൻഎ പരിശോധനയും ഫോറൻസിക് പരിശോധനയും പുരോഗമിക്കുകയാണ്.

റോഡ് അറ്റകുറ്റപ്പണികൾക്കായി വലതുവശത്തെ വരി ഗതാഗതത്തിന് അടച്ചിട്ടിരുന്ന ഭാഗത്താണ് അപകടം നടന്നത്. ഷെയ്ഖ് ഖലീഫ റോഡിൽ ഫുജൈറ ഭാഗത്തേക്ക് പോകുന്ന പാതയിൽ തുടർച്ചയായി രണ്ട് അപകടങ്ങളാണ് ഉണ്ടായത്. നിർത്തിയിട്ടിരുന്ന ഒരു ട്രക്കിലേക്ക് മറ്റൊരു വാഹനം ഇടിച്ചുകയറി. ഇതിനു പിന്നാലെ, രണ്ട് ഷിപ്പിംഗ് കണ്ടെയ്നറുകൾ കയറ്റി വന്ന മറ്റൊരു ട്രക്ക് നിയന്ത്രണം വിട്ട് മറ്റു വാഹനങ്ങളിലേക്ക് ഇടിച്ചുകയറി മറിയുകയായിരുന്നു. ഇതേ തുടർന്ന് നിരവധി വാഹനങ്ങളും ട്രക്കുകളും തകർന്നു.

യുഎഇ അറ്റോർണി ജനറൽ ഡോ. ഹമദ് സെയ്ഫ് അൽ ഷംസിയുടെ നിർദേശപ്രകാരം ഫുജൈറ പബ്ലിക് പ്രൊസിക്യൂഷൻ ഫസ്റ്റ് ചീഫ് പ്രൊസിക്യൂട്ടർ ഹൈതം അലി അൽ ഹമ്മാദിയുടെ നേതൃത്വത്തിലുള്ള സംഘം സംഭവസ്ഥലം സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചു. അപകടത്തിന് കാരണം വാഹനങ്ങളുടെ സാങ്കേതിക തകരാറുകളോ റോഡ് സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനമോ ആണോ എന്ന് കണ്ടെത്താൻ ട്രക്കും മറ്റ് തകർന്ന വാഹനങ്ങളും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ബ്രേക്കിംഗ് സംവിധാനങ്ങൾ, ട്രാക്കിംഗ് സംവിധാനങ്ങൾ, വേഗത രേഖപ്പെടുത്തുന്ന ഉപകരണങ്ങൾ എന്നിവ വിദഗ്ധർ പരിശോധിച്ചു വരികയാണ്. പരിക്കേറ്റ് ആശുപത്രികളിൽ ചികിത്സയിലുള്ളവരുടെ മൊഴികളും പ്രൊസിക്യൂഷൻ രേഖപ്പെടുത്തുന്നുണ്ട്. റോഡ് സുരക്ഷാ നിയമങ്ങൾ ലംഘിച്ചിട്ടുണ്ടോയെന്നും ഇതിൽ ആർക്കൊക്കെ വീഴ്ചപറ്റിയിട്ടുണ്ടെന്നും കണ്ടെത്തി ഉത്തരവാദികൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്ന് പബ്ലിക് പ്രൊസിക്യൂഷൻ വ്യക്തമാക്കി.



കെഎസ്യുഎം സംഘടിപ്പിച്ച ഹഡിൽ ഗ്ലോബൽ 2026 ൻറെ സമാപന സമ്മേളനത്തിൽ ഇന്ത്യ എഐ മിഷൻ ഗവേണിങ് ബോർഡ് അംഗം രമണൻ രാമനാഥൻ കേര അഗ്രിനെക്സ്റ്റ് പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്യുന്നു.

ഹൃദയരാഗം' മുഴുവൻ നിയമസഭാ മണ്ഡലങ്ങളിലേക്കും: ആരോഗ്യ മന്ത്രി

'കേരളം സർക്കാരിന്റെ പൈലറ്റ് പ്രൊജക്റ്റായ 'ഹൃദയരാഗം' മുഴുവൻ നിയമസഭാ മണ്ഡലങ്ങളിലും നടപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ. 18 വയസ്സിനു മുകളിലുള്ള എല്ലാവർക്കും സൗജന്യ ജീവിത ശൈലി രോഗ നിർണയം നടത്തുന്നുന്നതാണ് പദ്ധതി. ഇതിനായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ വീടുകളിലും കയറി മുഴുവൻ പേരുടെയും പരിശോധന നടത്തുകയാണ്. ഇടുക്കി, നിലമ്പൂർ, വട്ടിയൂർക്കാവ് എന്നീ മണ്ഡലങ്ങളിലാണ് പദ്ധതി നടപ്പാക്കിയത്. ഇത് മുഴുവൻ നിയമസഭാ മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കും. തിരുവനന്തപുരം അയ്യൻകാളി ഹാളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് സംഘടിപ്പിച്ച ലോക പ്രമേഹ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിൽ പ്രമേഹം കൂടുന്നതിൽ പ്രധാന ഭക്ഷണ രീതിയും വ്യായാമക്കുറവും വലിയ പങ്കു വഹിക്കുന്നതായി മന്ത്രി പറഞ്ഞു. ഐ സി എം ആർ പഠനമനുസരിച്ച് കേരളത്തിൽ 25.5 ശതമാനമാണ് പ്രമേഹ വ്യാപന നിരക്ക്. ഇന്ത്യയിൽ ഇത് 8.9 കോടിയോളം വരും. ഇതെല്ലാം മുൻകൂട്ടി കണ്ടാണ് അന്നത്തെ ഭരണാധികാരികൾ 2001ൽ ഡയബെറ്റീസ് ഇൻസ്റ്റിറ്റ്യൂട്ട് കൊണ്ടുവന്നത്. ഇതില്ലായിരുന്നെങ്കിൽ രോഗം നിയന്ത്രണാതീതമാകുമായിരുന്നുവെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ ഗതാഗത മന്ത്രി സി പി ജോൺ മുഖ്യ പ്രഭാഷണം നടത്തി. പ്രമേഹം നിയന്ത്രിക്കുന്നതിൽ രോഗത്തെക്കുറിച്ചുള്ള സൂക്ഷ്മ വിവരം വളരെ പ്രധാനമാണെന്ന് മന്ത്രി പറഞ്ഞു. ഉദാഹരണത്തിന് പാലിന്റെ ഉപഭോഗം കൂടിയതും പ്രമേഹ വർധനയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? അരി രോഗം വർധിപ്പിക്കുന്നുവെങ്കിൽ ഏതു തരം അരിയാണ് ഇതിന് കൂടുതൽ കാരണമാകുന്നത്. ഇത്തരം കാര്യങ്ങളിൽ പഠനം നടത്തി സൂക്ഷ്മ വിവരം കണ്ടെത്തേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. ചടങ്ങിൽ മെഡിക്കൽ എഡ്യൂക്കേഷൻ ജോയിന്റ് ഡയറക്ടർ ഡോ. മിനി. എസ് എസ് അധ്യക്ഷയായി. ഡി.എച്ച്.എസ് ചുമതല വഹിക്കുന്ന ഡോ. ഉണ്ണികൃഷ്ണൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റീസ് ഡയറക്ടർ പി കെ ജബ്ബാർ, ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. സന്ധ്യ എന്നിവർ സംസാരിച്ചു.പരിപാടിയോടനുബന്ധിച്ച് രാവിലെ മ്യൂസിയം പരിസരത്തു നിന്ന് തുടങ്ങിയ വാക്കത്തോണിൽ ആരോഗ്യ മന്ത്രിയും പങ്കെടുത്തു. അയ്യൻകാളി ഹാളിൽ ആരോഗ്യ പരിശോധനയും സംഘടിപ്പിച്ചു. ചിത്ര രചന മത്സര വിജയികൾക്ക് സമ്മാനം നൽകി.

കോവളത്ത് ഏഴു ഹോട്ടലുകൾക്കെതിരെ കേസ്

കോവളം: ഓപ്പറേഷൻ സി ഹണ്ടിൻറെ ഭാഗമായി കോവളം മേഖലയിലെ ഹോം സ്റ്റേകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ പൊലിസിൻറെ വ്യാപക പരിശോധന. ഏഴ് സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തു.വിദേശികളെ പാർപ്പിക്കുമ്പോൾ സമർപ്പിക്കേണ്ട സി ഫോം നൽകാത്തതുമായി ബന്ധപ്പെട്ടാണ് ഓപ്പറേഷൻ 'സി ഹണ്ട്' എന്ന പേരിലുള്ള പരിശോധന. വിദേശ പൗരന്മാരെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾ ഇവരെ സംബന്ധിച്ച വിവരങ്ങൾ 24 മണിക്കൂറിനകം ഓൺലൈൻ ആയി സമർപ്പിക്കുന്നുണ്ടോ എന്നായിരുന്നു പരിശോധനയെന്നും പൊലിസ് അറിയിച്ചു..എഫ്ആർആർഒ അധികൃതരും പരിശോധനയിൽ പങ്കെടുത്തു.കമ്മിഷണറുടെ പ്രത്യേക നിർദേശാനുസരണം നടത്തിയ പരിശോധന തുടരുമെന്നും പൊലിസ് അറിയിച്ചു.

ഓംബുഡ്സ്മാനായി റിട്ട. ജസ്റ്റിസ് പ്രദീപ് കുമാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനായി നിയമിതനായ, ഹൈക്കോടതി റിട്ടയേർഡ് ജസ്റ്റിസ് സി പ്രദീപ് കുമാർ, കേരള ലോക്ഭവനിൽ നടക്കുന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. കേരള ഗവർണർ ഓംപ്രകാശ് മാതൂർ മുമ്പാകെയാണ് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നത്.നവംബർ 17 വൈകിട്ട് 4.30 ന് ലോക്ഭവനിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും ഉൾപ്പെടെയുള്ള വിശിഷ്ട വ്യക്തികളും ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കും.

ഹഡിൽ ഗ്ലോബൽ: കേരയുടെ അഗ്രിനെക്സ്റ്റ് പദ്ധതിയിലൂടെ 39 അഗ്രിടെക് സ്റ്റാർട്ടപ്പുകൾക്ക് മൂന്ന് കോടി രൂപ ധനസഹായം

തിരുവനന്തപുരം: ലോക ബാങ്കിൻറെ പിന്തുണയോടെ നടപ്പാക്കുന്ന കേരള ക്ലൈമറ്റ് റെസിലിയൻറ് അഗ്രിക്കൾച്ചർ വാല്യൂ ചെയിൽ മോഡേണൈസേഷൻ (കേര) പദ്ധതിയുടെ കേര അഗ്രിനെക്സ്റ്റ് സ്റ്റാർട്ടപ്പ് പദ്ധതിയിൽ ഏഴ് അഗ്രിടെക് സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപ വീതം ധനസഹായം ലഭിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം) നേതൃത്വം നൽകിയ ഹഡിൽ ഗ്ലോബൽ 2026 ൻറെ സമാപന വേദിയിലാണ് ധനസഹായം വിതരണം ചെയ്തത്.

ഇന്ത്യ എഐ മിഷൻ ഗവേണിങ് ബോർഡ് അംഗം രമണൻ രാമനാഥൻ കേര അഗ്രിനെക്സ്റ്റ് ലോഗോ പ്രകാശനം ചെയ്തു. കേര പ്രോജക്ട് ഇംപ്ലിമെൻറേഷൻ യൂണിറ്റ് പ്രോഗ്രാം ഹെഡ് അശോക് കൂര്യൻ പഞ്ഞിക്കാരൻ ചടങ്ങിൽ പങ്കെടുത്തു.

നൂതന കാർഷിക പരിഹാരങ്ങൾ വികസിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. 40,000 കർഷകർക്ക് ഇതിൻറെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെഎസ്യുഎം ആണ് പദ്ധതിയുടെ നിർവഹണ ഏജൻസി.

ധനസഹായത്തിന് അർഹത നേടിയ സ്റ്റാർട്ടപ്പുകളിലൊന്നായ ഗ്രാഫിക്കൽ ഇന്നൊവേഷൻസ്, റോബോട്ടിക്സ്, കമ്പ്യൂട്ടർ വിഷൻ തുടങ്ങിയ സാങ്കേതികവിദ്യകൾ സംയോജിപ്പിച്ച് തൈകളുടെ ഉത്പാദനം ഓട്ടോമേറ്റ് ചെയ്യുന്ന റോബോട്ടിക് പച്ചക്കറി ഗ്രാഫ്റ്റിങ് സംവിധാനം വികസിപ്പിച്ചു വരുകയാണ്.

ഇതിന പുറമേ, പദ്ധതിയുടെ ഭാഗമായി 32 സ്റ്റാർട്ടപ്പുകൾക്ക് നാല് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്.

ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ശിശുദിനാഘോഷവും റാലിയും

കുട്ടികളുടെ വളർച്ചയ്ക്കും അവകാശങ്ങൾക്കും സർക്കാർ കൂടെയുണ്ടെന്ന് മന്ത്രി ബിന്ദു കൃഷ്ണ

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതല ശിശുദിനാഘോഷങ്ങളും റാലിയും വർണ്ണാഭമായ പരിപാടികളോടെ നടന്നു. പാളയം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച വർണ്ണാഭമായ ശിശുദിന ഘോഷയാത്രയിൽ നൂറുകണക്കിന് സ്കൂൾ വിദ്യാർത്ഥികൾ അണിനിരന്നു. ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ റാലി ഫ്ലാഗ് ഓഫ് ചെയ്തു. വനിതാ ശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ സന്നിഹിതയായിരുന്നു. കേരളത്തിന്റെ തനത് കലാരൂപങ്ങൾ, ആകർഷകമായ നിശ്ചലദൃശ്യങ്ങൾ, ബാൻഡ് മേളം, ചാച്ചാ നെഹ്റുവിന്റെ വേഷമണിഞ്ഞ കുരുന്നുകൾ എന്നിവ റാലിക്ക് മാറ്റു കൂട്ടി. ഘോഷയാത്ര കനകക്കുന്നിലെ നിശാഗന്ധി ഓഡിറ്റോറിയത്തിൽ സമാപിച്ചു. മന്ത്രി ബിന്ദു കൃഷ്ണയും കുട്ടികളുടെ റാലിയെ അനുഗമിച്ചു. തുടർന്ന് മന്ത്രി ബിന്ദു കൃഷ്ണ കുട്ടികൾക്ക് ശിശുദിന സന്ദേശം നൽകി.

കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനു വളർച്ചയ്ക്കും അവകാശങ്ങൾക്കും പൂർണ പിന്തുണ സംസ്ഥാന സർക്കാർ നൽകുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ ശിശു ദിന സന്ദേശത്തിൽ പറഞ്ഞു. നല്ല മനുഷ്യരായി വളരാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കി കൊടുക്കും. ഇന്റർനെറ്റിന്റെയും ലഹരിയുടെയും ചതിക്കുഴികളിൽ പെടാതെ സൂക്ഷിക്കണമെന്ന് മന്ത്രി കുട്ടികളെ ഉപദേശിച്ചു.

നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനം പൂർണ്ണമായും കുട്ടികളുടെ നേതൃത്വത്തിലാണ് നിയന്ത്രിക്കപ്പെട്ടത്. പ്രസംഗ മത്സരങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ പ്രധാനമന്ത്രി നഫീസ സൻഹ ടി എസ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും കുട്ടികളുടെ പ്രസിഡന്റ് ആദ്യ പ്രമോദ് ചടങ്ങിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ശിശുദിനാഘോഷങ്ങളുടെ ഭാഗമായി സമിതി സംഘടിപ്പിച്ച 'വർണ്ണോത്സവം 2026' കലോത്സവത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും 2026-27 വർഷത്തെ ശിശുദിന സ്റ്റാമ്പിന്റെ പ്രകാശനവും ചടങ്ങിൽ നിർവ്വഹിച്ചു.

തിരുവനന്തപുരം മേയർ വി വി രാജേഷ്, വി ജോയ് എംഎൽഎ, വനിതാ ശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബാ ജോർജ്, ശിശു ക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി എൽ അരുൺ ഗോപി തുടങ്ങിയവർ പങ്കെടുത്തു. അമ്മതൊട്ടിലിന്റെ ദൃശ്യാവിഷ്കാരം ചടങ്ങിന് മാറ്റ് കൂട്ടി. സംസ്ഥാനതല പരിപാടികൾക്ക് പുറമെ വിവിധ ജില്ലാ കേന്ദ്രങ്ങളിലും സമിതിയുടെ നേതൃത്വത്തിൽ വിപുലമായ ശിശുദിന റാലികളും പൊതുസമ്മേളനങ്ങളും നടന്നു.

സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ വിപുലീകരിക്കാൻ വഴിയൊരുക്കി ഹഡിൽ ഗ്ലോബൽ-2026 ന് സമാപനം

തിരുവനന്തപുരം: സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള വഴിയൊരുക്കി ഏഷ്യയിലെ ഏറ്റവും വലിയ ബീച്ച്സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ ഹഡിൽ ഗ്ലോബലിൻറെ എട്ടാം പതിപ്പിന് കോവളത്ത് സമാപനം.

പരിപാടിയിൽ രണ്ട് സ്റ്റാർട്ടപ്പുകൾ ഒരു കോടി രൂപയുടെ ഏഞ്ചൽ ഫണ്ടും 50 ലക്ഷം രൂപയുടെ നിക്ഷേപവും സമാഹരിച്ചു. ആകെ എട്ട് കോടി രൂപയുടെ നിക്ഷേപമാണ് ഹഡിൽ ഗ്ലോബൽ-2026 ൽ പ്രഖ്യാപിക്കപ്പെട്ടത്.കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം) സംഘടിപ്പിച്ച മൂന്ന് ദിവസത്തെ പരിപാടിയിൽ 10,000-ത്തോളം പേർ പങ്കെടുത്തു. ഇതിൽ 90-ലധികം വെഞ്ചർ ക്യാപിറ്റൽ നിക്ഷേപകരും 50-ലധികം ഏഞ്ചൽ നിക്ഷേപകരും ഉൾപ്പെടുന്നു. 4000-ത്തിലധികം സ്റ്റാർട്ടപ്പുകൾ, 200-ഓളം പ്രമുഖ വ്യക്തികൾ, 300ൽ അധികം സ്റ്റാർട്ടപ്പ് മെൻറർമാർ, 200-ലധികം കോർപ്പറേറ്റ് സ്ഥാപനങ്ങൾ, 150-ലധികം എക്സിബിറ്റേഴ്സ്, 150-ൽ അധികം നിക്ഷേപകർ, 300 പ്രമുഖ പ്രഭാഷകർ എന്നിവരും ഈ പരിപാടിയിൽ പങ്കുചേർന്നു. സ്റ്റാർട്ടപ്പുകളും നിക്ഷേപകരും തമ്മിൽ 200-ലധികം കൂടിക്കാഴ്ചകൾ നടക്കുകയും, 27-ലധികം പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കപ്പെടുകയും ചെയ്തു.

നവംബർ 12-ന് മുഖ്യമന്ത്രി വി.ഡി സതീശനാണ് ഹഡിൽ ഗ്ലോബൽ-2026 ഉദ്ഘാടനം ചെയ്തത്.

ബ്ലോക്ക് ചെയിൻ അധിഷ്ഠിത ക്രോസ്-ബോർഡർ പേയ്മെൻറ് പ്ലാറ്റ്ഫോമായ സൈലാപേ വഴി ഡീപ്ടെക് എയ്റോസ്പേസ് സ്റ്റാർട്ടപ്പായ ടെസാറ്റ് സ്പേസിന് ഒരു കോടി രൂപയുടെ ഏഞ്ചൽ ഫണ്ട് ലഭിച്ചു. ഹഡിൽ ഗ്ലോബൽ 2025-ൽ നടന്ന 'കണക്റ്റ്' എന്ന ഫണ്ടിംഗ് പ്രോഗ്രാമിലൂടെയാണ് ഇതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് തുടക്കമായത്.

പാലക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ടി.ഐ.ആർ.എഫ് എന്ന ഇൻകുബേഷൻ ആൻഡ് റിസർച്ച് ഇക്കോസിസ്റ്റം ബസ്സർ എന്ന സ്റ്റാർട്ടപ്പിൽ 50 ലക്ഷം രൂപ നിക്ഷേപിക്കും. സ്കിൽ ഐഡൻറിറ്റി പ്ലാറ്റ്ഫോം വികസിപ്പിക്കുന്ന കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പാണ് ബസ്സർ. എഐ കാലഘട്ടത്തിൽ മനുഷ്യൻറെ കഴിവുകളും നൈപുണ്യവും സംരക്ഷിക്കാനുള്ള കമ്പനിയുടെ ദൗത്യത്തെ ശക്തിപ്പെടുത്തുന്നതാണ് ഈ പങ്കാളിത്തം.

സംസ്ഥാനത്തെ സാങ്കേതിക കമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) ചെക്ക്മേറ്റ് എന്ന നിക്ഷേപക അവതരണ സെഷനിൽ നാല് സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകുന്നതിനുള്ള താൽപ്പര്യപത്രം പുറപ്പെടുവിച്ചു. ലീഡ്മെട്രിക്സ്, ക്ലൗഡ് പോസിറ്റീവ്, സീവ്/ഇസെഡ്എസ്എസ് ടെക്നോളജീസ്, സ്പേസ് ടൈം 4ഡി എന്നിവയാണ് ഈ സ്റ്റാർട്ടപ്പുകൾ.

സംരംഭകരോട് നൂതന പരിഹാരങ്ങൾ വികസിപ്പിക്കുമ്പോൾ ധീരതയോടെ മുന്നോട്ടുവരാൻ സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ഇന്ത്യ എഐ മിഷൻ ഗവേണിംഗ് ബോർഡ് അംഗം രമണൻ രാമനാഥൻ ആഹ്വാനം ചെയ്തു. സാങ്കേതികവിദ്യ എന്നതിലുപരി ഒരു ശേഷിയായി എഐ മാറിയിരിക്കുന്ന സാഹചര്യത്തിൽ അത് പ്രയോജനപ്പെടുത്തി വേണം സംരംഭകർ ഇത്തരം പരിഹാരങ്ങൾ രൂപപ്പെടുത്താനെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഹഡിൽ ഗ്ലോബൽ കാലക്രമേണ കേരളത്തിലെ പ്രധാന സാങ്കേതിക സംഗമമായി മാറിയെന്നും വരും വർഷങ്ങളിൽ ഇതിനെ ആഗോളതലത്തിലുള്ള പരിപാടിയായി മാറ്റാൻ ലക്ഷ്യമിടുന്നുണ്ടെന്നും കെഎസ്യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു.

കെഎസ്യുഎം പ്രോജക്ട് ഡയറക്ടർ വരുൺ ജി ചടങ്ങിന് നന്ദി പറഞ്ഞു.

ടൈഗേഴ്സ് ക്ലോ പിച്ചിംഗ് സെഷൻറെ ഭാഗമായി മൂന്ന് സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുത്തു. ഇതിലൂടെ ദുബായിൽ നടക്കുന്ന ജൈടെക്സ് എക്സ്പോയിൽ സൗജന്യമായി പങ്കെടുക്കാനുള്ള അവസരം അവർക്ക് ലഭിച്ചു. സിഡിഐഎസ്സി ടെക്നോളജീസ്, സിക്സ്ഡോട്സ് ഡിസൈൻ, കാൽക്വി എന്നിവയാണ് ഈ സ്റ്റാർട്ടപ്പുകൾ.

ഉയർന്നുവരുന്ന വിദ്യാർത്ഥി സംരംഭകർക്കായുള്ള സ്റ്റുഡൻറ് യൂണികോൺ (എസ് യുപി) കോഹോർട്ട് 1-ലെ വിജയികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. 1,50,000 രൂപയുടെ ക്യാഷ് പ്രൈസ് സ്വന്തമാക്കിക്കൊണ്ട് ഭാരത് വർക്സ് ടീം ഒന്നാം സ്ഥാനം നേടി. എൽഡ്രോറ 50,000 രൂപ, ടാറ്റിക് ലാബ്സ് 25,000 രൂപ എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

കെഎസ്യുഎമ്മിൻറെ ഡിടുസി ആക്സിലറേറ്റർ പ്രോഗ്രാം രമണൻ രാമനാഥനും അനൂപ് അംബികയും ചേർന്ന് ഉദ്ഘാടനം ചെയ്തു. ജനുവരിയിൽ ആരംഭിക്കുന്ന ഒരു വർഷത്തെ പ്രത്യേക പ്രോഗ്രാമിലേക്ക് ഉപഭോക്താക്കളിലേക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ എത്തിക്കുന്ന 10 സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുക്കും. മാർഗനിർദേശങ്ങൾ, ഗ്രാൻറുകൾ, സീഡ് നിക്ഷേപം എന്നിവ ഈ പ്രോഗ്രാമിലൂടെ ലഭിക്കും. ഡിസംബർ 15 മുതൽ അപേക്ഷകൾ സമർപ്പിക്കാം.

സാങ്കേതികവിദ്യയുടെയും സംരംഭകത്വത്തിൻറെയും ഭാവി രൂപപ്പെടുത്തുന്നതിനായി സ്റ്റാർട്ടപ്പ് സ്ഥാപകർ, നിക്ഷേപകർ, സർക്കാർ ഉദ്യോഗസ്ഥർ, സാമൂഹിക സംരംഭകർ, ഇന്നൊവേറ്റേഴ്സ്, നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ എന്നിവർ ഹഡിൽ ഗ്ലോബൽ 2026-ൽ ഒത്തുചേർന്നു. ഇത് നവീകരണത്തിനും വളർച്ചയ്ക്കും പുതിയ ഉത്തേജനം നൽകി.

കേരളത്തെ വിജ്ഞാധിഷ്ഠിത വ്യവസായ കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിക്കുന്ന നവീനാശയങ്ങളും സാങ്കേതികവിദ്യകളും ഹഡിൽ ഗ്ലോബൽ എക്സ്പോയിൽ പ്രദർശിപ്പിച്ചു. എഡ്യൂടെക്, ഹെൽത്ത്ടെക്, ഫിൻടെക്, ലൈഫ് സയൻസസ്, സ്പേസ്ടെക്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്/മെഷീൻ ലേണിംഗ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള നൂതന ഉൽപ്പന്നങ്ങളും സേവനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആഗോളതലത്തിലുള്ള അടിയന്തര വെല്ലുവിളികളെ നേരിടാൻ രൂപകൽപ്പന ചെയ്ത ഹ്യൂമനോയിഡ് റോബോട്ടുകൾ, സ്വയം പ്രവർത്തിക്കുന്ന ഡ്രോണുകൾ, സുസ്ഥിര ഊർജ്ജ പരിഹാരങ്ങൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ, സ്മാർട്ട് സിറ്റി നവീകരണങ്ങൾ എന്നിവയും എക്സ്പോയിലുണ്ടായിരുന്നു.

സ്റ്റാർട്ടപ്പുകൾക്ക് നൂതന ആശയങ്ങൾ പ്രദർശിപ്പിക്കാനും മൂലധനം സമാഹരിക്കാനും പങ്കാളികളെ കണ്ടെത്താനും വിദഗ്ധരിൽ നിന്ന് മാർഗനിർദേശങ്ങൾ നേടാനുമുള്ള വേദിയായായിട്ടാണ് ഹഡിൽ ഗ്ലോബൽ രൂപകൽപ്പന ചെയ്തത്. മൂന്ന് ദിവസത്തെ പരിപാടിയിൽ പാനൽ ചർച്ചകൾ, എഐ ഫിലിം ഫെസ്റ്റിവൽ, ഉൽപ്പന്നങ്ങളുടെ അവതരണം, ജിസിസി നേതാക്കളുടെ റൗണ്ട് ടേബിൾ കോൺഫറൻസ്, എക്സിബിഷൻ, നിക്ഷേപകരുമായുള്ള കൂടിക്കാഴ്ചകൾ, ബിസിനസ് നെറ്റ് വർക്കിംഗ്, മെൻററിംഗ് സെഷനുകൾ എന്നിവ നടന്നു.

ഏലത്തോട്ടത്തിൽ മണ്ണിടിച്ചിൽ; കർഷകന് ദാരുണാന്ത്യം

ഇടുക്കി: ഏലത്തോട്ടത്തിൽ മണ്ണിടിഞ്ഞു വീണ് കർഷകന് ദാരുണാന്ത്യം. കട്ടപ്പന കടമാക്കുഴിയിൽ ശനിയാഴ്ച രാവിലെയുണ്ടായ സംഭവത്തിൽ തോട്ടം ഉടമ ബെന്നി പുരയിടത്തിലാണ് മരിച്ചത്. തൊഴിലാളികൾക്കൊപ്പം തോട്ടത്തിൽ പണിയെടുക്കുന്നതിനിടെ മലയുടെ ഒരു ഭാഗം ഇടിഞ്ഞുവീഴുകയായിരുന്നു. ഉടൻതന്നെ ബെന്നിയെ കട്ടപ്പനയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ചികിത്സയിലിരിക്കെ മരണം സംഭവിക്കുകയായിരുന്നു.

അപകടസമയത്ത് ബെന്നിയുടെ ഭാര്യയും മറ്റ് തൊഴിലാളികളും തോട്ടത്തിലുണ്ടായിരുന്നു. ഇവർക്ക് പരിക്കേറ്റിട്ടില്ല. പ്രദേശത്ത് മുമ്പും പാറ ഇടിഞ്ഞിരുന്നു. 2010 ൽ ഇവിടെ ഉരുൾ പൊട്ടിയിരുന്നു. പിന്നീട് രണ്ടുതവണ പാറ ഇടിഞ്ഞു വീഴുകയും ചെയ്തിട്ടുണ്ട്. കട്

വാഹനം മാറ്റുന്നതിനെ ചൊല്ലി തർക്കം; യുവാക്കളെ വെടിവച്ച പൊലിസ് ഉദ്യോഗസ്ഥൻറെ മകൻ അറസ്റ്റിൽ

ചണ്ഡിഗഡ്: റോഡിൽ വഴി നൽകുന്നതിനെ ചൊല്ലിയുള്ള തർക്കത്തെത്തുടർന്ന് യുവാക്കൾക്ക് നേരെ നടത്തിയ വെടിവയ്പ്പിൽ പൊലിസ് ഉദ്യോഗസ്ഥൻറെ മകൻ അറസ്റ്റിൽ. ഫരീദാബാദ് ഭാരത് കോളനിയിൽ വ്യാഴാഴ്ച രാത്രിയാണ് ആക്രമണം ഉണ്ടായത്. ഗുരുതരമായി പരിക്കേറ്റ പ്രശാന്ത് ജാംഗ്ര (27), സഹോദരൻ പ്രിൻസ് (23) എന്നിവർ ആശുപത്രിയിൽ അതീവ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. പ്രശാന്തിൻറെ നെഞ്ചിലും പ്രിൻസിൻറെ കഴുത്തിലുമാണ് വെടിയേറ്റത്. പ്രശാന്ത് തീവ്രപരിചരണ വിഭാഗത്തിലും പ്രിൻസ് വെൻറിലേറ്ററിലുമാണ്. സംഭവത്തിൽ ഡൽഹി പൊലിസിലെ അസിസ്റ്റൻറ് സബ് ഇൻസ്പെക്ടറുടെ മകൻ ജസ്വന്താണ് (26) അറസ്റ്റിലായത്.

പ്രശാന്തിൻറെ ഭാര്യ നാല് ദിവസം മുമ്പ് ഒരു കുഞ്ഞിന് ജന്മം നൽകിയിരുന്നു. ഈ സന്തോഷം ആഘോഷിക്കാനായി എത്തുന്ന ബന്ധുക്കളെ കൂട്ടിക്കൊണ്ടുവരാൻ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലേക്ക് കാറിൽ യാത്ര തിരിക്കുമ്പോഴാണ് സംഘത്തിന് നേരെ ആക്രമണമുണ്ടായത്. സഹോദരങ്ങൾക്കൊപ്പം ഇവരുടെ ബന്ധു പീയൂഷ് (18), പ്രശാന്തിൻറെ ഭാര്യാസഹോദരൻ തുഷാർ (23) എന്നിവരും കാറിലുണ്ടായിരുന്നു.

വീട്ടിൽ നിന്ന് 100-150 മീറ്റർ മാത്രം പിന്നിട്ടപ്പോൾ, ജസ്വന്ത് ഓടിച്ചിരുന്ന കാർ എതിർദിശയിൽനിന്ന് വന്നു. ഇടുങ്ങിയ റോഡിൽ ഇരുവാഹനങ്ങളും നേർക്കുനേർ എത്തിയതോടെ ആരും പിന്നോട്ട് എടുക്കാൻ തയാറാകാത്തതാണ് തർക്കത്തിനു കാരണമായത്. രണ്ട് വാഹനങ്ങൾക്ക് കടന്നുപോകാൻ സ്ഥലമില്ലെന്ന് സൂചിപ്പിക്കാൻ പ്രശാന്ത് ഹെഡ്ലൈറ്റ് തെളിച്ച് സിഗ്നൽ നൽകിയിരുന്നതായി പീയൂഷ് പറഞ്ഞു.

എന്നാൽ പ്രകോപിതനായ ജസ്വന്ത് കാറുമായി മുന്നോട്ട് വരികയും തോക്കുമായി പുറത്തിറങ്ങി അസഭ്യം പറയാൻ തുടങ്ങുകയും ചെയ്തു. തോക്കു ചൂണ്ടി ഭീഷണിപ്പെടുത്തുന്ന വിവരം പ്രശാന്ത് ഉടൻ പിതാവിനെ ഫോണിൽ വിളിച്ച് അറിയിച്ചു. പിതാവുമായുള്ള ഫോൺ സംഭാഷണം അവസാനിച്ച ഉടൻ ജസ്വന്ത് തൊട്ടടുത്തുനിന്ന് പ്രശാന്തിൻറെ നെഞ്ചിലേക്ക് വെടിയുതിർക്കുകയായിരുന്നു. പ്രതിയെ കീഴ്പ്പെടുത്താൻ ശ്രമിച്ച പ്രിൻസിൻറെ കഴുത്തിലും ഇയാൾ വെടിവച്ചു. പ്രിൻസ് കുഴഞ്ഞുവീണതിനു പിന്നാലെ പ്രതി രണ്ട് റൗണ്ട് കൂടി വെടിയുതിർത്തു. കൂടെയുണ്ടായിരുന്ന പീയൂഷും തുഷാറും പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

ബഹളം കേട്ട് കുടുംബാംഗങ്ങൾ ഓടിയെത്തിയിട്ടും തോക്കുമായി അവിടെത്തന്നെ നിന്ന പ്രതി, 'നിങ്ങൾ എത്ര ശ്രമിച്ചാലും എന്നെ ഒന്നും ചെയ്യാൻ കഴിയില്ല' എന്ന് പറഞ്ഞ് വെല്ലുവിളിച്ചതായും പീയൂഷ് ആരോപിക്കുന്നു. നെഞ്ചിൽ വെടിയേറ്റിട്ടും അബോധാവസ്ഥയിലായ സഹോദരനെ രക്ഷിക്കാനായി പ്രശാന്ത് തന്നെ കാറോടിച്ച് ആശുപത്രിയിലെത്തിച്ചത്. മിനിറ്റുകളോളം സംഭവസ്ഥലത്ത് തുടർന്ന പ്രതി, തൻറെ കുടുംബാംഗങ്ങൾ എത്തിയ ശേഷമാണ് അവിടെ നിന്ന് രക്ഷപ്പെട്ടതെന്ന് ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻ പറഞ്ഞു.

ഭാരത് കോളനിയിൽ താമസിക്കുന്ന ജസ്വന്ത് ഡൽഹി പൊലിസിലെ അസിസ്റ്റൻറ് സബ് ഇൻസ്പെക്ടറുടെ മകനാണെന്ന് പൊലിസ് തിരിച്ചറിഞ്ഞു. ഫരീദാബാദിലെ ഒരു സ്വകാര്യ ആശുപത്രിയിൽ കംപ്യൂട്ടർ ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ഇയാൾക്ക് സ്വന്തം പേരിൽ തോക്ക് ലൈസൻസ് ഉണ്ടെന്ന് പൊലിസ് വ്യക്തമാക്കി. പീയൂഷിൻറെ പരാതിയിൽ പൊലിസ് കേസെടുത്ത് പ്രതിയെ അറസ്റ്റ് ചെയ്തു.

ചെനയുടെ ചാര'പ്പണി': 2000 മുതൽ 224 സംഭവങ്ങൾ, യുഎസിനു കോടികളുടെ നഷ്ടം

എൻവിഡിയ കമ്പനി തലപ്പത്തുണ്ടായിരുന്ന ജെൻസൻ ഹുവാംഗും ചൈനീസ് ചാരവനിത ആലീസ് ഹുവാംഗും തമ്മിലുള്ള രഹസ്യബന്ധങ്ങൾ പുറത്തുവന്നതോടെ വലിയ ആശങ്കയാണു നിലനിൽക്കുന്നത്. ആലീസിലൂടെ ചൈന എന്തെല്ലാം ചോർത്തി എന്നതിൽ അമേരിക്കൻ ഏജൻസികളുടെ അന്വേഷണം നടക്കുന്നതേയുള്ളൂ. സംഭവങ്ങൾക്കുപിന്നാലെ ആലീസ് ചൈനയിൽ മുങ്ങിയെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ നൽകുന്ന സൂചന. അമേരിക്കയിൽ ചൈന ഇത്തരത്തിലുള്ള നിരവധി രഹസ്യനീക്കങ്ങൾ നടത്തിയിട്ടുണ്ട്. രണ്ടായിരമാണ്ടു മുതൽ ഇതുവരെ ഏകദേശം 224-ലേറെ ചാരവൃത്തി സംഭവങ്ങളാണു റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സാമ്പത്തിക തട്ടിപ്പുകൾ, സൈബർ ആക്രമണങ്ങൾ, തന്ത്രപരമായ വിവരങ്ങളുടെ ചോർത്തൽ. . . അങ്ങനെ പോകുന്നു ചൈനയുടെ രഹസ്യനീക്കങ്ങൾ. സെൻറർ ഫോർ സ്ട്രാറ്റജിക് ആൻഡ് ഇൻറർനാഷണൽ സ്റ്റഡീസ് (സിഎസ്ഐഎസ്) റിപ്പോർട്ടിലാണ് രണ്ടായിരം മുതലുള്ള സംഭവങ്ങൾ വിശദമായി രേഖപ്പെടുത്തിയിട്ടുള്ളത്. ചൈനയുടെ ലക്ഷ്യങ്ങൾ യുഎസ് വൻകിട കമ്പനികളുടെ അത്യാധുനിക സാങ്കേതികവിദ്യകളും മറ്റു രഹസ്യങ്ങളും ചോർത്തുകയാണു ചൈനയുടെ പ്രധാനലക്ഷ്യം. കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതിൽ ഇത്തരം രഹസ്യനീക്കങ്ങൾ 54 ശതമാനത്തോളം വരും. സൈനിക രഹസ്യങ്ങളും പ്രധാനലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ആണവായുധ പരീക്ഷണ ഡാറ്റ, അത്യാധുനിക യുദ്ധവിമാനങ്ങളുടെ രൂപകൽപനകൾ തുടങ്ങിയവ ചോർത്താൻ ചൈനീസ് ഏജൻറുമാർ ശ്രമിച്ചു. മാത്രമല്ല, രാഷ്ട്രീയ സ്വാധീന പ്രവർത്തനങ്ങളും വ്യക്തിഗത വിവരങ്ങൾ വൻതോതിൽ ചോർത്തുന്നതും അടുത്തിടെയായി വർധിച്ചിട്ടുണ്ടെന്നു റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

നിലത്തുകിടന്ന പടക്കം വായിലിട്ട് കടിച്ച രണ്ടുവയസുകാരൻ മരിച്ചു

റായ്പൂർ: ഛത്തീസ്ഡിൽ നിലത്തുകിടന്ന പടക്കം വായിലിട്ട് കടിച്ച രണ്ടുവയസുകാരന് ദാരുണാന്ത്യം. നവപാര സ്വദേശി ഇന്ദ്രജിത് മാഞ്ചിയുടെ മകൻ ആദിത്യയാണ് മരിച്ചത്. നവംബർ ഒമ്പതിന് രാവിലെയായിരുന്നു അപകടം ഉണ്ടായത്.

അയൽപക്കത്തെ കുട്ടികൾക്കൊപ്പം കളിച്ചുകൊണ്ടിരിക്കുകയായിരുന്ന ആദിത്യ നിലത്തുകിടന്ന വെളുത്തുള്ളിയുടെ ആകൃതിയിലുള്ള ഒരിനം പടക്കം എടുത്ത് വായിലിടുകയായിരുന്നു. സാധാരണയായി നിലത്തടിക്കുമ്പോഴോ സമ്മർദം ചെലുത്തുമ്പോഴോ പൊട്ടിത്തെറിക്കുന്ന തരത്തിലുള്ളതാണ് ഇത്തരം പടക്കങ്ങൾ. കുട്ടി പടക്കം വായിലിട്ട് കടിച്ചതോടെ ഇത് പൊട്ടിത്തെറിക്കുകയും മോണയ്ക്ക് ഗുരുതരമായി പരിക്കേറ്റ് രക്തസ്രാവം ഉണ്ടാവുകയും ചെയ്തു.

അപകടത്തിന് പിന്നാലെ കുട്ടിയെ ഉടൻതന്നെ സീതാപൂരിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചു. പ്രാഥമിക ചികിത്സയ്ക്ക് ശേഷം രക്തസ്രാവം നിന്നതോടെ കുട്ടിയെ വീട്ടിലേക്ക് മടക്കിക്കൊണ്ടുവന്നു. എന്നാൽ അടുത്ത ദിവസം വീണ്ടും രക്തസ്രാവം തുടങ്ങുകയും കുട്ടിയുടെ ആരോഗ്യനില വഷളാവുകയും ചെയ്തു. തുടർന്ന് നവംബർ 11-ന് ജില്ലാ ആസ്ഥാനമായ അംബികാപൂരിലെ സ്വകാര്യ മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അന്ന് രാത്രിയോടെ കുട്ടി മരണത്തിന് കീഴടങ്ങി.

പോസ്റ്റ്മോർട്ടം പരിശോധനയിൽ കുട്ടിയുടെ തൊണ്ടയിൽ പടക്കത്തിൻറെ അവശിഷ്ടങ്ങൾ കണ്ടെത്തിയതായി പിതാവ് ഇന്ദ്രജിത് മാഞ്ചി പറഞ്ഞു. സംഭവത്തിൽ അസ്വാഭാവിക മരണത്തിന് കേസെടുത്തതായും പൊലിസ് അന്വേഷണം നടന്നുവരികയാണെന്നും അധികൃതർ അറിയിച്ചു.

മഹാത്മാഗാന്ധി സർവകലാശാലയിലെ മാധ്യമ വിലക്ക് ജനാധിപത്യ വിരുദ്ധം, അടിയന്തരമായി പിൻവലിക്കണം: റോജി എം. ജോൺ

കൊച്ചി: മഹാത്മാഗാന്ധി സർവകലാശാലയിലെ മാധ്യമ നിയന്ത്രണത്തിൽ പ്രതികരിച്ച് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ. സർവകലാശാലയിൽ മാധ്യമപ്രവർത്തകർക്ക് പ്രവേശിക്കുന്നതിനും വാർത്തകൾ ശേഖരിക്കുന്നതിനും വൈസ് ചാൻസലറുടെ മുൻകൂർ അനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് ജനാധിപത്യ വിരുദ്ധമാണെന്ന് മന്ത്രി ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു.

സർവകലാശാലകളിൽ ഏകാധിപത്യ നടപടികൾ അനുവദിക്കില്ല. മാധ്യമ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. മാധ്യമ സ്വാതന്ത്ര്യത്തെ ഹനിക്കാൻ ആര് ശ്രമിച്ചാലും, അത്തരം നീക്കങ്ങളെ ശക്തമായി എതിർക്കുക തന്നെ ചെയ്യുമെന്നും ഉത്തരവ് അടിയന്തരമായി പിൻവലിക്കാൻ സർവകലാശാലാ അധികൃതർ തയ്യാറാകണമെന്നും റോജി എം. ജോൺ ആവശ്യപ്പെട്ടു.

മന്ത്രിയുടെ ഫേസ്ബുക്ക് കുറിപ്പിൻറെ പൂർണ രൂപം:

മഹാത്മാഗാന്ധി സർവകലാശാലയിൽ മാധ്യമപ്രവർത്തകർക്ക് പ്രവേശിക്കുന്നതിനും വാർത്തകൾ ശേഖരിക്കുന്നതിനും വൈസ് ചാൻസലറുടെ മുൻകൂർ അനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് ജനാധിപത്യ വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 19(1)(a) ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിൻറെയും ആവിഷ്കാര സ്വാതന്ത്ര്യത്തിൻറെയും അവിഭാജ്യ ഘടകമാണ് മാധ്യമ സ്വാതന്ത്ര്യം. പൊതുജനങ്ങളുടെ അറിയാനുള്ള അവകാശത്തെ നിഷേധിക്കുന്നതും, പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ സുതാര്യത ഇല്ലാതാക്കുന്നതുമായ ഇത്തരം നിയന്ത്രണങ്ങൾ ഭരണഘടനാ മൂല്യങ്ങളോടുള്ള വെല്ലുവിളിയാണ്.

സർവകലാശാലകൾ സ്വതന്ത്രമായ ചിന്തകളുടെയും ജനാധിപത്യ സംവാദങ്ങളുടെയും വേദികളാകേണ്ട ഇടങ്ങളാണ്. അവിടെ മാധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തുന്നത് ഏകാധിപത്യ പ്രവണതയാണ് വ്യക്തമാക്കുന്നത്. മാധ്യമ സ്വാതന്ത്ര്യത്തെ ഹനിക്കാൻ ആര് ശ്രമിച്ചാലും, അത്തരം നീക്കങ്ങളെ ശക്തമായി എതിർക്കുക തന്നെ ചെയ്യും.

ജനാധിപത്യ വിരുദ്ധമായ ഉത്തരവ് അടിയന്തരമായി പിൻവലിക്കാൻ സർവകലാശാലാ അധികൃതർ തയ്യാറാകണം. മഹാത്മാഗാന്ധി സർവകലാശാലയിൽ മാത്രമല്ല, കേരളത്തിലെ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിലും ഇത്തരം ഏകാധിപത്യ നടപടികൾ നടപ്പിലാക്കാൻ സർക്കാർ അനുവദിക്കില്ല.

സെർബിയൻ താരം രണ്ട് പോസ്റ്റിലും ഗോൾ നേടി; വിജയിച്ചത് ജർമനി

ബെൽഗ്രേഡ്: യുവേഫ നേഷൻസ് ലീഗ് ഫുട്ബോളിൽ സെർബിയയ്ക്കെതിരെ ജർമനിക്ക് തകർപ്പൻ ജയം. വെള്ളിയാഴ്ച നടന്ന മത്സരത്തിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ജർമനി വിജയിച്ചത്.

ഫ്ലോറിയൻ വിർട്സും ബ്രാജൻ ഗ്രുഡയും ആണ് ജർമനിക്ക് വേണ്ടി ഗോളുകൾ നേടിയത്. സെർബിയൻ ബാബിച്ചിൻറെ ഓൺഗോളും ജർമനിയുടെ ഗോൾപട്ടികയിലുണ്ട്. സ്രഡാൻ ബാബിച്ച് തന്നെയാണ് സെർബിയയ്ക്ക് വേണ്ടിയും ഗോൾ നേടിയത്.

വിജയത്തോടെ ജർമനിക്ക് എട്ട് പോയിൻറായി. നിലവിൽ ഗ്രൂപ്പ് ബിയിൽ മൂന്നാമതാണ് ജർമനി.

അമ്മയെ കുത്തിപരിക്കേൽപ്പിച്ച ഒമ്പതാം ക്ലാസ് വിദ്യാർഥി ജീവനൊടുക്കി

ദിസ്പൂർ: ആസമിൽ ഒൻപതാം ക്ലാസ് വിദ്യാർഥി അമ്മയെ മൂർച്ചയേറിയ ആയുധംകൊണ്ട് കുത്തിപ്പരിക്കേൽപ്പിച്ച ശേഷം ജീവനൊടുക്കി.

ഗുവാഹത്തിയിലെ ഈസ്റ്റ് ജ്യോതിനഗറിലെ വീട്ടിൽവച്ചാണ് അമ്മയെ മകൻ ആക്രമിച്ചത്. ഗുരുതരമായി പരിക്കേറ്റ ചന്ദ്രാണിയെ ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ചു. നിലവിൽ ഇവർ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സ തുടരുകയാണ്.

അമ്മയെ പരിക്കേൽപ്പിച്ചതിന് പിന്നാലെ സമീപത്തുള്ള കെട്ടിടത്തിന് മുകളിൽ നിന്ന് വിദ്യാർഥി താഴേക്ക് ചാടുകയായിരുന്നു.

ഗുരുതരമായി പരിക്കേറ്റ കുട്ടിയെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അമ്മയെ ആക്രമിക്കാനുള്ള കാരണം എന്താണെന്ന് ഇതുവരെ വ്യക്തമായിട്ടില്ല. അമ്മയെ കുത്തിയ ശേഷം മകൻ പുറത്തേക്ക് പോകുന്നതിൻറെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സംഭവത്തിൽ പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

വിദേശവനിതയുടെ ഡോഗ് ഷെൽട്ടർ; റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

അഞ്ചുതെങ്ങ് : അഞ്ചുതെങ്ങ് പഞ്ചായത്ത് മൂന്നാം വാർഡ് കായിക്കരയിൽ വിദേശ വനിതയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന തെരുവ് നായ സംരക്ഷണ കേന്ദ്രത്തെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്. കായിക്കര കോൺഗ്രസ് കൂട്ടായ്മ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു ഉത്തരവ്.അഞ്ചുതെങ്ങ് വെറ്ററിനറി ഡോക്ടർ, വർക്കല ഡിവൈഎസ്പി, അഞ്ചുതെങ്ങ് എസ്എച്ച്ഒ കൂടാതെ പഞ്ചായത്ത് ജോയിൻറ് ഡയറക്ടറും അന്വേഷണം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഉത്തരവിൽ പറയുന്നു. ഈ വിഷയം സംബന്ധമായി അഞ്ചുതെങ്ങ് പഞ്ചായത്ത് സെക്രട്ടറി മനുഷ്യാവകാശ കമ്മീഷൻ നൽകിയ റിപ്പോർട്ട് തള്ളിക്കൊണ്ടാണ് മനുഷ്യാവകാശ കമ്മീഷൻ ജസ്റ്റിസ് അലക്സാണ്ടർ ഉത്തരവിറക്കിയത്.

അമ്മയ്ക്ക് പകരം അമ്മ മാത്രമേയുള്ളൂ'; പുതിയ അമ്മയെ കൊണ്ടുവരുമെന്ന് പറഞ്ഞ് ഭർത്താവ് യുവതിയെ കുത്തിക്കൊന്നു

പറ്റ്ന: ബിഹാറിലെ ജമാൽപുരിൽ ഭാര്യയെ യുവാവ് കുത്തിക്കൊന്നു. റിട്ടയേർഡ് റെയിൽവേ ഉദ്യോഗസ്ഥൻ ദശരഥ് മണ്ഡലാണ് ഭാര്യ പൂജാദേവിയെ കൊലപ്പെടുത്തിയത്. കൊലപാതകത്തിന് ശേഷം മൃതദേഹം തുണികൊണ്ട് മൂടിയിട്ട പ്രതി, രണ്ട് പെൺമക്കളെയുമായി ജമാൽപൂർ പൊലിസ് സ്റ്റേഷനിലെത്തി കീഴടങ്ങി. പത്തുവയസുകാരിയായ മകൾ ശ്രീനിക പൊലിസിന് നൽകിയ മൊഴിയാണ് കൊലപാതകത്തിൻറെ വിവരങ്ങൾ പുറത്തുകൊണ്ടുവന്നത്. താനും അനിയത്തി ഇഷികയും ഉറങ്ങിക്കിടക്കുമ്പോഴാണ് അച്ഛൻ അമ്മയെ ക്രൂരമായി ഉപദ്രവിച്ചതെന്ന് ശ്രീനിക പൊലിസിനോട് പറഞ്ഞു. അച്ഛൻ തങ്ങളെ കട്ടിലിൽ നിന്ന് താഴേക്ക് വലിച്ചിറക്കി ഷാൾ കൊണ്ട് കെട്ടിയിട്ട ശേഷമാണ് അമ്മയെ രണ്ടുതവണ കത്തികൊണ്ട് കുത്തിയത്. അയൽവാസികളെ വിവരമറിയിക്കാൻ ശ്രമിച്ചെങ്കിലും അച്ഛൻ അനുവദിച്ചില്ലെന്നും കുട്ടി വ്യക്തമാക്കി.

അമ്മയെ കൊലപ്പെടുത്തുന്നത് കണ്ട് നിലവിളിച്ച മക്കളോട് ദശരഥ് ക്രൂരമായാണ് പ്രതികരിച്ചത്. അയൽവാസികളെ വിളിക്കാൻ ശ്രമിച്ച മക്കളോട്, 'നിൻറെ അമ്മ ചത്തു, ഞാൻ നിനക്ക് വേറൊരു അമ്മയെ കൊണ്ടുവന്നു തരാം' എന്നായിരുന്നു അയാൾ പറഞ്ഞത്. എന്നാൽ 'അമ്മയ്ക്ക് പകരം അമ്മ മാത്രമേയുള്ളൂ, ആ സ്ഥാനത്ത് മറ്റാരെയും കാണാനാവില്ല' എന്ന് തങ്ങൾ അച്ഛനോട് തിരിച്ച് പറഞ്ഞതായി പെൺകുട്ടി പൊലിസിനെ അറിയിച്ചു. കൊലപാതകം നടക്കുന്നതിൻറെ തലേദിവസം മാതാപിതാക്കൾ തമ്മിൽ വഴക്കുണ്ടായിരുന്നതായും പെൺകുട്ടി മൊഴി നൽകിയിട്ടുണ്ട്. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

സിനിമ ഓഡിഷൻറെ പേരിൽ തട്ടിക്കൊണ്ടുപോയ പെൺകുട്ടിയെ രക്ഷപ്പെടുത്തി

അഗർത്തല: സിനിമ ഓഡിഷനിൽ പങ്കെടുക്കാമെന്ന് വാഗ്ദാനം നൽകി ബംഗളൂരുവിലേക്ക് വിളിച്ചുവരുത്തിയ പെൺകുട്ടിയെ രക്ഷപ്പെടുത്തി. ഒക്ടോബർ 13 മുതൽ കാണാതായ അഗർത്തല സ്വദേശിയായ പെൺകുട്ടിയെ പിതാവിൻറെയും സാമൂഹിക പ്രവർത്തകരുടെയും ഇടപെടലിനെത്തുടർന്നാണ് ഒടുവിൽ സുരക്ഷിതമായി നാട്ടിലെത്തിച്ചത്. സംഭവത്തിനു പിന്നിൽ വലിയൊരു മനുഷ്യക്കടത്ത് സംഘമുണ്ടെന്ന സംശയവും ശക്തമായിട്ടുണ്ട്.

താൻ സിനിമയിൽ അഭിനയിക്കാൻ യോഗ്യയാണെന്നും ബംഗളൂരുവിൽ നടക്കുന്ന ചിത്രീകരണത്തിൻറെ ഓഡിഷനിൽ പങ്കെടുക്കാമെന്നും പറഞ്ഞ് 'നിഷിമ ബേൻ' എന്ന പേരിൽ പരിചയപ്പെടുത്തിയ ഒരു സ്ത്രീയാണ് തന്നെ യാത്രയ്ക്ക് പ്രേരിപ്പിച്ചതെന്നാണ് പെൺകുട്ടി പൊലിസിന് മൊഴി നൽകി. ആദ്യം ഒറ്റയ്ക്ക് യാത്ര ചെയ്യാൻ മടിച്ചെങ്കിലും പിന്നീട് ഇവർ നൽകിയ ഉറപ്പിൽ പെൺകുട്ടി സമ്മതിക്കുകയായിരുന്നു.

യാത്രയ്ക്കായി സ്വർണമാല പണയം വച്ച് പണം കണ്ടെത്തുകയും യുവരാജ് ചൗധരി എന്നയാൾ 30, 000 രൂപ നൽകുകയും ചെയ്തതായി പെൺകുട്ടി പറഞ്ഞു. വിമാന ടിക്കറ്റും ഇയാളാണ് ബുക്ക് ചെയ്തു നൽകിയത്. ഒക്ടോബർ 13-ന് ഉച്ചയ്ക്കാണ് പെൺകുട്ടി വിമാനത്തിൽ ബംഗളൂരുവിലേക്ക് പുറപ്പെട്ടത്.

ബംഗളൂരു വിമാനത്താവളത്തിലെത്തിയ പെൺകുട്ടിയെ ഒരാൾ കാറിൽ വന്ന് കൂട്ടിക്കൊണ്ടുപോയത് വിജനമായ സ്ഥലത്തേക്കാണ്. എന്നാൽ അവിടെയെത്തിയപ്പോഴാണ് സിനിമാ ചിത്രീകരണമോ ഓഡിഷനോ ഇല്ലെന്ന് പെൺകുട്ടിക്ക് മനസിലായത്. പകരം മറ്റൊരു ജോലി ചെയ്യണമെന്ന് ആവശ്യപ്പെട്ടതായും പെൺകുട്ടി ആരോപിക്കുന്നു.

സംഘം കുട്ടിയുടെ മൊബൈൽ ഫോൺ തകരാറാക്കുകയും സിം കാർഡ് ഊരിമാറ്റുകയും ചെയ്തു. ഇതിനുപിന്നാലെ പെൺകുട്ടിയുടെ കുടുംബവുമായി ബന്ധപ്പെട്ട തട്ടിപ്പുകാർ ആദ്യം അഞ്ച് ലക്ഷം രൂപയും പിന്നീട് വിവിധ ഘട്ടങ്ങളിലായി എട്ട് ലക്ഷവും രണ്ട് ലക്ഷവും ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്താൻ തുടങ്ങി.

മകളെ കാണാതായതിനെ തുടർന്ന് കുടുംബം നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിലാണ് പെൺകുട്ടി ബംഗളൂരുവിലേക്ക് പോയ വിവരം പൊലിസ് കണ്ടെത്തിയത്. തുടർന്ന് മുംബൈയിലും തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല. ഇതിനിടെ ത്രിപുരയിലെ സാമൂഹിക പ്രവർത്തകൻ സുമിത് നൽകിയ രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിൽ പിതാവ് വീണ്ടും ബംഗളൂരുവിലെത്തി.

സാമൂഹിക സംഘടനകളുടെയും പ്രാദേശിക സന്നദ്ധപ്രവർത്തകരുടെയും സഹായത്തോടെ നടത്തിയ തെരച്ചിലിനൊടുവിൽ വിമാനത്താവളത്തിൽ നിന്ന് ഏകദേശം 90 കിലോമീറ്റർ അകലെയുള്ള ഒരു കേന്ദ്രത്തിൽ നിന്നാണ് പെൺകുട്ടിയെ കണ്ടെത്തിയത്. അവിടെ മറ്റ് കുട്ടികളെയും ബന്ദികളാക്കിയിരുന്നുവെന്നും മകളെ വാഹനത്തിൽ കയറ്റിയതിന് പിന്നാലെ സംഘം കുട്ടികളെ വീണ്ടും കടത്താൻ ശ്രമിച്ചെങ്കിലും സംഘടനാ പ്രവർത്തകർ തടസപ്പെടുകയായിരുന്നുവെന്നും പിതാവ് വ്യക്തമാക്കി. ബംഗളൂരുവിനും മുംബൈയ്ക്കും ഇടയിലുള്ള സംഘടനാ ശൃംഖലകളുടെ സഹായത്തോടെയാണ് പെൺകുട്ടിയുടെ നീക്കങ്ങൾ നിരീക്ഷിച്ചതെന്ന് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ സാമൂഹിക പ്രവർത്തകൻ ഖോകൻ ചന്ദ്ര പോൾ പറഞ്ഞു. വിഷയത്തിൽ ത്രിപുര മുഖ്യമന്ത്രി മണിക് സാഹ നേരിട്ട് ഇടപെട്ടിരുന്നു.

എന്നാൽ, സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രായപൂർത്തിയാകാത്ത കുട്ടികളെ ലക്ഷ്യമിട്ട് ഇതര സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും കടത്തുന്ന സംഘങ്ങൾ സജീവമാണെന്ന് ഖോകൻ ചന്ദ്ര പോൾ വ്യക്തമാക്കി. സംഭവത്തിൽ ഉൾപ്പെട്ട മുഴുവൻ പേരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കാലടിയിൽ സമരാഗ്നി ആളിപ്പടരുന്നു; ഹർജി തിങ്കളാഴ്ച പരിഗണിക്കും

കൊച്ചി: കാലടി സംസ്കൃത സർവകലാശാലയിൽ വിദ്യാർഥികളുടെ നിരാഹാര സമരം തുടരുന്നു. 12 ദിവസത്തോളം നിരാഹരമിരുന്ന മൂന്ന് വിദ്യാർഥികളെ ആശുപത്രിയിലേക്ക് മാറ്റിയതിന് പിന്നാലെ സമരം മറ്റ് വിദ്യാർഥികൾ ഏറ്റെടുത്തു. പി. എം. അശ്വന്ത്, കെ. വി. അഭിജിത്ത്, പി. എസ്. അർച്ചന എന്നീ വിദ്യാർഥികളെയാണ് ആരോഗ്യനില മോശമായതിനെ തുടർന്ന് ആശുപത്രിയിലേക്ക് മാറ്റിയത്. എംഎ തിയറ്റർ വിദ്യാർഥിയും വിവാദമായ ലൈറ്റ് മരിച്ചേ എന്ന നാടകത്തിൻറെ സംവിധായകനുമായ എം. എസ്. ശിവകുമാർ, എംഎ ചരിത്ര വിദ്യാർഥിനി സി. പി. ശ്രദ്ധ, സംസ്കൃത ഗവേഷക വിദ്യാർഥിനി കെ. എൽ. അതുല്യ എന്നിവർ നിരാഹാരം ആരംഭിച്ചു. എന്ത് സംഭവിച്ചാലും സമരത്തിൽ നിന്നും പിന്നോട്ടില്ലെന്നും എസ്എഫ്ഐ അറിയിച്ചു. അതേസമയം വിദ്യാർഥികളുടെ ഹർജി തിങ്കളാഴ്ച ഹൈക്കോടതി പരിഗണിക്കും.

മാപ്പപേക്ഷ നൽകിയാൽ സസ്പെൻഷൻ പിൻവലിക്കാമെന്ന സർവകലാശാലയുടെ തീരുമാനം വിദ്യാർഥികൾ ചോദ്യം ചെയ്യും. മാപ്പപേക്ഷ നൽകിയാൽ 16ൽ 12 പേരുടെ സസ്പെൻഷൻ പിൻവലിക്കാമെന്നും നാലു പേരുടെ സസ്പെൻഷൻ രണ്ടു മാസം കൂടി നീട്ടിയതായും സർവകലാശാല സത്യവാങ്മൂലം നൽകിയിരുന്നു.

കഴിഞ്ഞ ദിവസം ഹർജി പരിഗണിച്ചപ്പോൾ പുതിയ തീരുമാനം കൂടി ചേർത്തു ഹർജിയിൽ ഭേദഗതി വരുത്തുന്നുണ്ടോയെന്ന് ജസ്റ്റീസ് പി. വി. കുഞ്ഞികൃഷ്ണൻ വിദ്യാർഥികളുടെ അഭിഭാഷകനോടു ചോദിക്കുകയും ഉണ്ടെന്ന് മറുപടി നൽകുകയിരുന്നു. അതിനാൽ ഹർജി ഭേദഗതി ചെയ്ത

ചാലയിലെ സ്വർണ കവർച്ച ; പിന്നിൽ മാസങ്ങൾ നീണ്ട ആസൂത്രണം

തിരുവനന്തപുരം: ചാലയിലെ സ്വർണ കവർച്ച നടത്തിയത് കൃത്യമായ ആസൂത്രണത്തോടെയാണെന്ന് സിറ്റി പൊലിസ് കമ്മീഷണർ അരുൾ ബി. കൃഷ്ണ. പ്രതികളെ കുറിച്ച് വ്യക്തമായ വിരം ലഭിച്ചതായും ഇവരെ ഉടൻ പിടികൂടാൻ കഴിയുമെന്നും കമ്മീഷണർ പറഞ്ഞു. ജ്വല്ലറി ഉടമയുടെ ഓരോ ദിവസത്തെയും നീക്കങ്ങൾ കൃത്യമായി കവർച്ചാ സംഘം മനസിലാക്കിയിരുന്നുവെന്നും കവർച്ചയ്ക്കു മുൻപ് പ്രതികൾ ഈ പ്രദേശത്ത് തന്പടിച്ചിരുന്നുവെന്നും സിസിടിവി കാമറ ദൃശ്യങ്ങളിൽ നിന്ന് വ്യക്തമായിട്ടുണ്ടെന്നും അന്വേഷണം ഊർജിതമായി നടക്കുകയാണെന്നും കമ്മീഷണർ വ്യക്തമാക്കി.

രണ്ട് ബൈക്കുകളിലായി എത്തിയ മൂന്നു പേരാണ് സ്വർണം പിടിച്ചു പറിച്ച് കടന്നു കളഞ്ഞതെന്ന് വൈഷ്ണവി ജ്വല്ലറി ഉടമ നന്ദകുമാർ പൊലിസിന് മൊഴി നൽകി. വിവിധ ജ്വല്ലറികൾ പ്യൂരിഫിക്കേഷന് വേണ്ടി നൽകിയ സ്വർണമാണ് കവർച്ച ചെയ്യപ്പെട്ടത്. ജ്വല്ലറിയിൽ എത്തിക്കുന്ന സ്വർണം എല്ലാ ദിവസവും വീട്ടിൽ കൊണ്ടുപോയി ശുദ്ധീകരിച്ച് രാവിലെയോടെ ജ്വല്ലറി ഉടമകൾക്ക് നൽകി വരികയായിരുന്നു. താനും മകനും രണ്ട് ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യവേയാണ് തൻറെ ശരീരത്തോട് ചേർത്തിട്ടിരുന്ന ബാഗ് കവർച്ചാസംഘം തട്ടിപ്പറിച്ച ശേഷം കടന്നു കളഞ്ഞത്. 250 പവൻ സ്വർണമാണ് ബാഗിലുണ്ടായിരുന്നത്. അതേസമയം ആദ്യം ഇദ്ദേഹം 15 പവൻ സ്വർണം മാത്രമാണ് ബാഗിലുണ്ടായിരുന്നതെന്നാണ് വ്യക്തമാക്കിയിരുന്നത്. എന്നാൽ മാധ്യമ പ്രവർത്തകരുടെ ആവർത്തിച്ചുള്ള ചോദ്യത്തിനു മറുപടിയായി, പൊലിസിൻറെ നിർദേശ പ്രകാരമാണ് താൻ ഇത്തരത്തിൽ പറഞ്ഞതെന്നും യഥാർഥത്തിൽ കവർച്ച ചെയ്യപ്പെട്ടത് 250 പവനാണെന്നും വ്യാപാരി മാധ്യമങ്ങളോടു പറഞ്ഞു.


വ്യാപാരികളും പ്രദേശവാസികളും പരിഭ്രാന്തിയിൽ

കഴിഞ്ഞ ദിവസം രാത്രിയിൽ ചാലയിലെ വൈഷ്ണവി ജ്വല്ലറി ഉടമ നന്ദകുമാറിൻറെ പക്കൽ നിന്നും 250 പവൻ സ്വർണം അടങ്ങിയ ബാഗ് കവർച്ചാ സംഘം തട്ടിയെടുത്ത വിവരം ചാലയിലെ വ്യാപാരികളും പ്രദേശവാസികളും ഞെട്ടലോടെയാണ് കേട്ടത്. സമീപകാലത്തെങ്ങും ഇത്തരത്തിലൊരു കൃത്യം തിരുവനന്തപുരം നഗരത്തിൽ ഉണ്ടായിട്ടില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി ചാലയിൽ സ്വർണ വ്യാപാരം നടത്തുന്ന നന്ദകുമാറിനെ കുറിച്ച് വ്യാപാരികൾക്കുൾപ്പെടെ നല്ല അഭിപ്രായമാണ് പറയുന്നത്. കവർച്ച സംഘത്തെ ഉടൻ പിടികൂടണമെന്നാണ് വ്യാപാരികൾ ഒന്നടങ്കം ആവശ്യപ്പെടുന്നത്. രാത്രികാല പൊലിസ് പട്രോളിംഗും പരിശോധനയും കൂടുതൽ കർശനമാക്കണമെന്നും വ്യാപാരികൾ ആവശ്യപ്പെട്ടു.

പ്രതികളെ തേടി ഫോർട്ട് എസിയും സംഘവും

ഫോർട്ട് എസിപിയുടെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷണം നടത്തുന്നത്.

ഫോറൻസിക് സംഘവും സൈബർ സെല്ലും ഫോർട്ട് പൊലിസും സംയുക്തമായാണ് അന്വേഷണം ഊർജിതമാക്കിയിരിക്കുന്നത്. കൃത്യത്തിന് ഉപയോഗിച്ച വാഹനങ്ങളുടെ നന്പറുകളും ഉടമയെ സംബന്ധിക്കുന്ന വിവരങ്ങളും ലഭിച്ചിട്ടുണ്ട്. നഗരത്തിൽ വാഹന പരിശോധന കഴിഞ്ഞ ദിവസം രാത്രി മുതൽ കർശനമാക്കിയിട്ടുണ്ട്.



എസ്എടി ആശുപത്രിയിൽ കുട്ടികൾക്കുള്ള വാക്സിൻ മുടങ്ങിയതായി ആരോപണം; നിഷേധിച്ച് ആശുപത്രി സൂപ്രണ്ട്

ഉള്ളൂർ: തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ കുട്ടികൾക്കുള്ള വാക്സിൻ മുടങ്ങിയതായി പരാതി. ഇന്നലെ രാവിലെയാണ് വാക്സിനേഷൻ മുടങ്ങിയതായി പരാതി ഉയർന്നത്. ബന്ധപ്പെട്ട ഡോക്ടർ ലീവിൽ ആയതിനാൽ കുട്ടികൾക്ക് കൃത്യസമയത്ത് വാക്സിൻ എടുക്കാൻ സാധിച്ചില്ല എന്നും ഇതുമൂലം കുട്ടികളുമായി എത്തിയ നിരവധി അമ്മമാർ കാത്തു നിൽക്കേണ്ടതായ അവസ്ഥയുണ്ടായി എന്നും ആരോപണവുണ്ട്.ഇന്നലെ രാവിലെ ഏഴു മുതൽ തന്നെ കുഞ്ഞുങ്ങളുമായി നിരവധി അമ്മമാരാണ് ആശുപത്രി പരിസരത്ത് എത്തിയത്. എന്നാൽ ബന്ധപ്പെട്ട ഡോക്ടർ ഇല്ലാത്തതിനാൽ ഇവർ ക്യൂവിൽ വളരെ നേരം കാത്തുനിൽക്കുകയായിരുന്നു. പിന്നീട് അധികൃതർ എത്തി വാക്സിനേഷൻ താൽക്കാലികമായിട്ട് നടത്താൻ സാധിക്കില്ല എന്ന അറിയിപ്പ് നൽകിയതായി അമ്മമാർ പറയുന്നു. ഭൂരിഭാഗം പേർക്കും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടതായ ഗതികേടും ഉണ്ടായി എന്ന് പറയപ്പെടുന്നു.അതേസമയം ആരോപണങ്ങൾ ആശുപത്രി സൂപ്രണ്ട് ഡോ. സൂസൻ ഉതുപ്പ് നിഷേധിക്കുന്നു. ആശുപത്രിയിൽ ഇങ്ങനെയൊരു അവസ്ഥയുള്ളതായി ആരും തൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലെന്നും ഡോക്ടർമാർ ലീവിലാവുകയാണെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്താറുണ്ടെന്നും സൂപ്രണ്ട് വ്യക്തമാക്കുന്നു.രണ്ട് ഡോക്ടർമാർ കുറച്ചുദിവസമായി ലീവിൽ ആണെന്നും അതുകൊണ്ടുതന്നെ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആരോപണമോ പരാതിയോ തൻറെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുമെന്നും സൂപ്രണ്ട് അറിയിച്ചു.

മത്സ്യത്തൊഴിലാളികളെ മർദിച്ച പ്രതിയെ പിടികൂടണമെന്ന്

അഞ്ചുതെങ്ങ് : മത്സ്യത്തൊഴിലാളി സ്ത്രീകളെ ആക്രമിച്ച സംഭവത്തിൽ പ്രതിയെ പിടികൂടണമെന്ന ആവശ്യവുമായി മത്സ്യത്തൊഴിലാളി സംഘടനകൾ.ഈമാസം ഒന്പതിന് ഹാർബറിലെ ലേല ഹാളിൽ മത്സ്യലേലത്തിനിടെയുണ്ടായ തർക്കത്തെ തുടർന്നാണ് അഞ്ചുതെങ്ങ് കോട്ടമുക്ക് സ്വദേശിനികളായ മത്സ്യത്തൊഴിലാളികൾക്ക് മർദനമേറ്റത്. സംഭവത്തിൽ താഴമ്പള്ളി സ്വദേശി ശെൽവനെതിരെ ജാമ്യമില്ലാ വകുപ്പിൽ അഞ്ചുതെങ്ങ് പൊലിസ് എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു.ഒളിവിൽപോയ പ്രതിയെ പിടികൂടുന്നതിന് പൊലിസ് തയ്യാറായില്ലെങ്കിൽ മത്സ്യത്തൊഴിലാളി സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ പ്രതിഷേധ പരിപാടികൾക്ക് രൂപം നൽകുമെന്ന് സംഘടനാ ഭാരവാഹികൾ അറിയിച്ചു.

